"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പജപവവിവ - അരിവാൾ രോഗികളുടെ കുടുംബങ്ങൾക്ക് ജീവിത വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തികൾക്കായി ഒറ്റത്തവണ ധനസഹായം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.199/2024/SCSTD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 1. സ.ഉ (സാധാ) നം.113/2023/പജപവവിവ, തീയതി 20.01.2023.

2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 20.06.2023-ലെ C/C2/6034/2022/STDD(12) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സിക്കിൾസെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിത വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഒറ്റത്തവണ ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി 4,00,00,000/- രൂപ (നാല് കോടി രൂപ മാത്രം) 2225-02-282-92 (പ്ലാൻ) ശീർഷകത്തിൽ അനുവദിക്കണമെന്ന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമായി 2 0 0 കുടുംബങ്ങളെ ചുവടെ പറയും പ്രകാരം തെരഞ്ഞെടുക്കുന്നതാണ്.

| Assistance to Sickle Cell Anemia Patients 2022-23 | | | |
|---|---|---|---|
| ക്രമ നം. | ജില്ല | രോഗികളുടെ എണ്ണം | ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കുന്ന കുടുംബങ്ങളുടെ എണ്ണം |
| 1 | പാലക്കാട് | 217 | 40 |
| 2 | മലപ്പുറം | 40 | 10 |
| 3 | കോഴിക്കോട് | 16 | 8 |
| 4 | വയനാട് | 605 | 140 |
| 5 | കണ്ണൂർ | 11 | 2 |
| 6 | തൃശൂർ | 0 | 0 |

| | | |
|---|---|---|
| ആകെ | 889 | 200 |

- ശേഷിക്കുന്ന കുടുംബങ്ങളെ അടുത്ത സാമ്പത്തിക വർഷം ഉൾപ്പെടുത്തുന്നതാണ്
- ജില്ലകളിലെ മുൻഗണനാ ലിസ്റ്റ് രോഗികളുടെ ജീവിത സാഹചര്യത്തിന്റെയും രോഗതീവ്രതയുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ എന്നിവർ തയ്യാറാക്കേണ്ടതാണ്.
- ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിഗണിച്ച് അവരുടെ യോഗ്യതയ്ക്കും ആരോഗ്യത്തിനും അനുസരിച്ചുള്ള ജീവനോപാധി പദ്ധതികൾ നടപ്പിലാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കുന്നതിനും ജില്ലകളിൽ ഒരു സമിതി രൂപീകരിക്കേണ്ടതാണ്.
- ജില്ലയിൽ രൂപീകരിക്കുന്ന സമിതിയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചുവടെ പറയുന്ന പ്രതിനിധികളെ ഉൾപ്പെടുത്തുന്നു.

1. പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ
2. ജില്ലാ മെഡിക്കൽ ഓഫീസർ
3. ജനറൽ മാനേജർ, ജില്ലാ വ്യവസായകേന്ദ്രം
4. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണം
5. ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി

- ഇത്തരത്തിൽ ജില്ലാതല സമിതി പരിശോധിച്ച് ശിപാർശ ചെയ്യുന്ന അപേക്ഷകൾ ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ മുഖേന നടപ്പിലാക്കുന്നതാണ്.
- ഗുണഭോക്താക്കൾ ക്ക് 4 ഘട്ടങ്ങളായി തുക അനുവദിച്ച് നൽകേണ്ടതാണ്. തുക അനുവദിക്കേണ്ട ഘട്ടങ്ങൾ ജില്ലാ സമിതി മുൻകൂട്ടി തീരുമാനിക്കേണ്ടതാണ്.
- തുക അനുവദിക്കുന്ന ഗുണഭോക്താക്കളുടെ ജീവനോപാധി പ്രവർത്തനം പ്രാരംഭ ഘട്ടത്തിൽ,

ച്ചുരുങ്ങിയത് 2 വർഷമെങ്കിലും നിരന്തരം മോണിറ്റർ ചെയ്യേണ്ടതാണ്.

- ഗുണഭോക്താവ് താമസിക്കുന്ന പ്രദേശത്തെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ നേതൃത്വത്തിൽ സോഷ്യൽ വർക്കർ, പ്രൊമോട്ടർ, പ്രസ്തുത ഊരിലെ ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു പ്രാദേശിക സമിതി സംരംഭത്തിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി രൂപീകരിക്കേണ്ടതാണ്.

മേൽ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രോജക്ട് ഓഫീസർ, പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/തൃശ്ശൂർ (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന)
ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ, പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/തൃശ്ശൂർ (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന)
ജില്ലാ കളക്ടർ, പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്
ഐ&പി.ആർ. വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Biji.c.n
സെക്ഷൻ ഓഫീസർ
Date: 18-03-2024 15:53:09